(എഫ്) സമൂഹത്തിന്റെ അടിത്തട്ടിൽ കഴിയുന്ന പട്ടികജാതി വിഭാഗത്തിന് വകുപ്പുമുഖേന ലഭ്യമാകുന്ന ആനുകൂല്യങ്ങൾ എന്തൊക്കെയാണെന്ന് അവരെ മനസിലാക്കാനും അപേക്ഷ ക്ഷണിക്കുന്ന അവസരങ്ങളിൽ യഥാസമയം അക്കാര്യം ഗുണഭോക്താക്കളിൽ എത്തിച്ച് ആനുകൂല്യം അർഹരായവർക്ക് ലഭ്യമാക്കുന്നതിനും പ്രൊമോട്ടർമാരുടെ സേവനഫലമായി കഴിഞ്ഞിട്ടുണ്ട്. കൂടാതെ 12-11-2002-ലെ സ.ഉ.(സാ) നം. 740/02/ പജ.പവ.വിവ-യിൽ സർക്കാർ നിഷ്കർഷിച്ചിട്ടുള്ള വിധമുള്ള വിവിധ മേഖലയിലുള്ള പ്രവർത്തനങ്ങളുടെയെല്ലാം ഗുണഫലങ്ങൾ പട്ടിക ജാതിക്കാർക്ക് ലഭിച്ചിട്ടുണ്ട്.

വയനാട് ജില്ലയിലെ അവിവാഹിതരായ ആദിവാസി അമ്മമാർ

149 [1954] ശ്രീമതി മാലേത്ത് സരളാദേവി:

ശ്രീ. വി. ഡി. സതീശൻ:

" തേറമ്പിൽ രാമകൃഷ്ണൻ:

പ്രൊഫ. സാവിത്രി ലക്ഷ്മണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിൽ ആദിവാസി സ്ത്രീകളുടെയിടയിൽ അവിവാഹിതരായ അമ്മമാരുടെ എണ്ണം വർദ്ധിച്ചുവരുന്നുണ്ടോ;

(ബി) അവിവാഹിതകളായ ആദിവാസി അമ്മമാർക്ക് അവരുടെ കുട്ടികളെ വളർത്താൻ കഴിവില്ലാത്തതിനാൽ ആ ജില്ലയിൽ അമ്മത്തൊട്ടിൽ ആരംഭിക്കുമോ;

(സി അവിവാഹിതകളായ ആദിവാസി അമ്മമാരുടെ ക്ഷേമത്തിനും പുനരധിവാസത്തിനും പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പാക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ഇക്കാര്യം ഇപ്പോൾ ഈ വകുപ്പിന്റെ പരിഗണനയിലില്ല.

(സി) ഇവരെ പുനരധിവസിപ്പിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. പദ്ധതി ആവിഷ്ക്കരിച്ചു നടപ്പിലാക്കുന്നതിന് നടപടിയെടുക്കുന്നതാണ്.

ആദിവാസികൾക്കായുള്ള നിലംപുരിലെ ആശ്രമം സ്കൂൾ

150 [1956] ശ്രീ. ഇസ്ഹാക്ക് കുരിക്കൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആദിവാസി കുട്ടികൾക്കായി നിലംപുരിൽ നിർമ്മിച്ച ആശ്രമം സ്കൂൾ കെട്ടിടം ഇപ്പോൾ പ്രവർത്തനയോഗ്യമാണോ;

(ബി) പ്രസ്തുത സ്കൂൾ ഈ കെട്ടിടത്തിൽ പ്രവർത്തിക്കുന്നുണ്ടോ; ഇല്ലെങ്കിൽ എന്തു കൊണ്ട്;

LIBRARY ARCHIVES Kerala Legislative Assembly